**SKSSF –TREND**

# സമ്മർ ഗൈഡ്

## സമ്മർ സ്കൂൾ 2017

### ലഘുരൂപരേഖ

SKSSF-TREND

# സമ്മർ സ്കൂൾ 2017

**'സമ്മർ സ്കൂൾ' കൃത്യമായി നടപ്പിൽ വരുത്തുന്നതിന് എല്ലാ ജില്ലാ കമ്മിറ്റികളും പരിശ്രമിക്കേണ്ടതാണ്. സമ്മർ സ്കൂൾ നടപ്പിൽവരുന്നതിനാവശ്യമായ കൂടുതൽ വിവരങ്ങൾ താഴെചേർക്കുന്നു.**

1. 'സമ്മർ സ്കൂൾ' വെക്കേഷൻ കാലയളവിൽ 8-ാം ക്ലാസ്സ് മുതൽ +2 വരേയുള്ളവിദ്യാർത്ഥികൾക്കായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ഒരുകോഴ്സാണ്.
2. കോഴ്സ് കാലാവധി : തുടർച്ചയായ 10 ദിവസത്തെ ക്യാമ്പ്.
3. സമ്മർസ്കൂളിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, അതാതു ജില്ല/ പ്രാദേശിക കമ്മിറ്റികളും ബൗദ്ധിക സഹായം ട്രന്റ് സ്റ്റേറ്റ് / ജില്ല കമ്മിറ്റികളുമാണ് ഒരുക്കേണ്ടത്.
4. സമ്മർ സ്കൂൾ ജില്ലാ / മേഖല / ക്ലസ്റ്റർ / യൂണിറ്റ് തലങ്ങളിലെല്ലാം സൗകര്യാനുസരണം സംഘടിപ്പിക്കാവുന്നതാണ്.
5. അഞ്ചുരീതിയിൽ സമ്മർ സ്കൂൾ സംഘടിപ്പിക്കാവുന്നതാണ്.
    1. ആൺകുട്ടികൾക്കു മാത്രം (റസിഡൻഷ്യൽ)
    2. ആൺകുട്ടികൾക്കു മാത്രം (നോൺ റസിഡൻഷ്യൽ)
    3. പെൺകുട്ടികൾക്കു മാത്രം (റസിഡൻഷ്യൽ)
    4. പെൺകുട്ടികൾക്കു മാത്രം (നോൺ റസിഡൻഷ്യൽ)
    5. ആൺ പെൺ മിക്സ്ട് (നോൺ റസിഡൻഷ്യൽ)(മിക്സ്ട് ക്യാമ്പിൽ കർശന നിയന്ത്രണമുണ്ടായിരിക്കണം)
6. പ്രാദേശികസൗകര്യാനുസരണം 5 ൽ ഒരു രീതിസ്വീകരിക്കാവുന്നതാണ്.
7. ഒരു ക്യാമ്പിൽ ഒരു രീതി മാത്രം സ്വീകരിക്കുന്ന കുട്ടികൾ മാത്രമേ ഉണ്ടാകാവൂ.
8. റസിഡൻഷ്യൽ രീതി സ്വീകരിക്കുന്ന കമ്മിറ്റികൾ ഉചിതമായ സ്ഥാപനം കണ്ടെത്തണം.
9. പെൺകുട്ടികൾക്ക് വഫിയ്യ പോലെയുള്ള നമ്മുടെ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.
10. രക്ഷിതാക്കൾ മുഖേന മാത്രമേ സമ്മർ സ്കൂളിലേക്ക് അഡ്മിഷൻ നൽകാവൂ.
11. സമ്മർ സ്കൂൾ റസിഡൻഷ്യൽ ക്യമ്പിൽ, ക്യമ്പ് അവസാനിച്ച ശേഷം മാത്രമേ വിദ്യാർത്ഥികളെ രക്ഷിതാക്കളുടെ കൂടെ തിരിച്ചയക്കാൻ പാടുള്ളൂ.

SKSSF TREND

12. രജിസ്ട്രേഷൻ ഫീസ് 1000/- (ആയിരം) രൂപയാണ്. (പ്രാദേശിക സാഹചര്യങ്ങൾക്ക് അനസരിച്ച് ഫീസിൽ മാറ്റങ്ങൾവരുത്താവുന്നതാണ്).

13. നോൺ റസിഡൻഷ്യൽ ക്യാമ്പ് രാവിലെ 8.30 മുതൽവൈകുന്നേരം 4.30 വരെ ആയിരിക്കും .ഭക്ഷണം ക്യാമ്പിൽ വിതരണം ചെയ്യണം. (ഭക്ഷണം സ്പോൺസർഷിപ്പിലൂടെ കണ്ടെത്താവുന്നതാണ്.)

14. മൊബൈൽ ഫോൺ കർശനമായി നിയന്ത്രിക്കേണ്ടതാണ്.

15. റസിഡൻഷ്യൽ ക്യാമ്പിൽ, സ്കൂൾ ഡയറക്ടർ അനുവദിക്കുന്ന സമയ ങ്ങളിൽ മാത്രമേ മൊബൈൽ ഉപയോഗിച്ച് രക്ഷിതാക്കളെ ബന്ധപ്പെ ടാൻ പാടുള്ളൂ.

16. 'സമ്മർ സ്കൂളിന്റെ' നിയന്ത്രണത്തിന് പ്രത്യേകം സബ് കമ്മറ്റി രൂപീ കരിക്കണം ചെയർമാൻ (എസ്.വൈ.എസ്) കോഡിനേറ്റർ (എസ്.കെ. എസ്.എസ്.എഫ്) ജനറൽ കൺവീനർ (ട്രന്റ്) എന്നീ സ്ഥാനക്രമങ്ങൾ കമ്മറ്റിയിൽ പരിഗണിച്ചിരിക്കണം. ക്യാമ്പ് കോഡിനേറ്റർമാർ ക്യാമ്പിൽ മുഴുസമയവും ഉണ്ടായിരിക്കണം.

17. ഒരു ക്യാമ്പിൽ 30 മുതൽ 50 വരെകുട്ടികളെഉണ്ടാകാവൂ. കൂടുതൽ കുട്ടികൾ രജിസ്റ്റർ ചെയ്യുന്നപക്ഷം രണ്ട് ക്യാമ്പുകളുമായി നടത്തണം.

18. ഈ വർഷത്തെ 'സമ്മർ സ്കൂൾ' ഏപ്രിൽ മെയ് നുമിടയിൽ നടത്തിയിരിക്കണം.

19. പെൺകുട്ടികളുടെക്യാമ്പുകൾക്ക് മേൽനോട്ടം വഹിക്കാൻ സ്ത്രീകൾ ഉണ്ടായിരിക്കണം.

20. ക്യാമ്പിൽ ക്ലാസുകൾക്ക് പുറമെ പരീക്ഷ, കളി, ഫീൽഡ് ട്രിപ്പ് മത്സര ങ്ങൾ തുടങ്ങിയ പഠന പ്രവർത്തനങ്ങൾ ഉണ്ടായിരിക്കണം.

21. റസിഡൻഷ്യൽ ക്യമ്പിലേ വിദ്യാർത്ഥികൾ 10 ദിവസങ്ങൾക്ക് ആവശ്യ മായ വസ്ത്രം മറ്റുദിനചര്യകൾക്ക് ആവശ്യമുള്ള വസ്തുക്കൾ, പഠന പ്രവർത്തനത്തിന് ആവശ്യമുള്ള ഉപകരണങ്ങൾ എന്നിവ കൊണ്ടുവ രാൻ നിർദ്ദേശിക്കണം. ഭക്ഷണം ക്യാമ്പിൽ വിതരണം ചെയ്യണം. (ഭക്ഷണം സ്പോൺസർഷിപ്പിലൂടെ കണ്ടെത്താവുന്നതാണ്.)

22. വിദ്യാർത്ഥികളുടെ സർവ്വതോൻമുഖ വളർച്ച ലക്ഷ്യമാക്കി വിവിധ വിഷയങ്ങളിൽ അധിഷ്ഠിതമായിരിക്കും ക്ലാസുകൾ.

23. ക്ലാസ്സുകൾ എടുക്കുന്നതിന് ട്രന്റ് ആർപിമാരെ ഉപയോഗപ്പെടുത്താവുന്നതാണ്. (ആർ. പി മാർക്കുള്ള ചിലവുകൾ റജിസ്ട്രേഷൻ ഫീസിൽ നിന്നും കണ്ടെത്തേണ്ടതാണ്.)

24. ക്ലാസ്സിൽ പങ്കെടുക്കുന്നവർക്ക് ട്രന്റ് സ്റ്റേറ്റ് കമ്മിറ്റി സർട്ടിഫിക്കറ്റ് നൽകു ന്നതാണ്

25. ക്യാമ്പിന്റെ വിശദമായ ടൈംടേബിൾ ഇതോടപ്പം വെക്കുന്നു.

SKSSF-TREND

26. ക്യാമ്പുകളിൽ പ്രഭാത സാഹ്യാന സമയങ്ങൾ പാഠ്യേതര പ്രവർത്തനങ്ങൾക്കും ഇസ്‌ലാമിക കർമ്മാനുഷ്ഠാന പരിശീലനത്തിനും ഉപയോഗപ്പെടുത്തേണ്ടതാണ്.

27. ക്ലാസുകൾക്കാവശ്യമായ ചോക്ക്, ബോർഡ്, മാർക്കർ, ചാർട്ട് പേപ്പർ, എൽ. സി. ഡി. പ്രൊജെക്റ്റർ തുടങ്ങിയ സാമഗ്രികൾ മുൻകൂട്ടി തയ്യാറാക്കേണ്ടതാണ്.

28. വിദ്യാർത്ഥികൾക്ക് നോട്ട് ബുക്ക്, പേന, ബാഡ്ജ്, ഫയൽ തുടങ്ങിയവ നൽകു ന്നത് അഭികാമ്യമായിരിക്കും.

29. ക്ലാസുകൾ ഇൻട്രാക്റ്റീവ് രീതിയിലായിരിക്കണം. (കഥകൾ, അനുഭവങ്ങൾ, സംശയനിവാരണം, ഗ്രൂപ്പ് ചർച്ച, കളികൾ എന്നിവയിലൂടെ ക്ലാസ് അവതരിപ്പിക്കണം).

30. ക്ലാസുകൾ ഖുർആനും ഹദീസും ഉൾപ്പെടുത്തി ഇസ്‌ലാമിക വീക്ഷണത്തിലാക്കാൻ ശ്രദ്ധിക്കണം.

31. പെൺകുട്ടികൾക്ക് മാത്രമുള്ള ക്ലസുകളിൽ അവരുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

32. ഓരോദിവസവും നടന്ന ക്ലാസുകളെ കുറിച്ച് അടുത്ത ദിവസം രാവിലെ ആദ്യത്തെ 10 മിനുറ്റ് റിവ്യൂ നടത്തണം.

33.ക്ലാസിൽവ്യത്യസ്ഥരീതിയിലുള്ള മത്സരങ്ങളും മറ്റുആക്ടീവിറ്റികളും ഉൾപ്പെടുത്തേണ്ടതാണ്.

34. മികച്ച ക്യാമ്പ് പ്രതിനിതികളെകണ്ടത്തി ഓരോ ദിവസവും സമ്മാനം നൽകേണ്ടതാണ്.

35.ക്യാമ്പിന്റെ തുടർ പ്രവർത്തനത്തിന്റെ ഭാഗമായി ക്യാമ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി ട്രന്റ് ടാലന്റ് ക്ലബ് രൂപീകരിക്കേണ്ടതാണ്.(ഈ ആവശ്യത്തിനായി ബയോഡാറ്റ നേരത്തേ പൂരിപ്പിച്ച് വാങ്ങേണ്ടതാണ്.)

36. ക്യാമ്പ് അംഗങ്ങളെ ഗ്രൂപ്പുകളാക്കി തിരിച്ച് ഓരോ ദിവസത്തേയും ചുമതലകൾ ഏൽപ്പിക്കേണ്ടതാണ്. ഉദാ:- റിവ്യൂ, വാർത്താ പത്രിക, ചുമർ പത്രം, റിപ്പോർട്ടിംഗ്, ക്യാമ്പിലെ മറ്റു പ്രവർത്തനങ്ങൾ.

37. ക്യാമ്പിനും ഗ്രൂപ്പുകൾക്കും പ്രത്യേകം ലീഡർമാരെ തെരഞ്ഞെടുക്കണം.

38. ഗ്രൂപ്പുകൾ തമ്മിൽ ആരോഗ്യ പരമായ മത്സരങ്ങൾ നടത്തവുന്നതാണ്.

39. വിശദവവരങ്ങൾക്ക് ട്രന്റ് സ്റ്റേറ്റ് സമിതിയുമായി ബന്ധപ്പെടുക. www.trendinfo.org

For more details: Mr. SHAMSAD SALIM PT (TREND State Coordinator) - **9946875521**

SKSSF-TREND

# സമ്മർസ്കൂൾ – 2017

## എസ്. കെ.എസ്. എസ്. എഫ് – ട്രെന്റ്

## ടൈം ഷെഡ്യൂൾ

| | 8.30 – 10.00 am | 10.00 -11.30am | 11.30-11.45 | 11.45-1.15 pm | 1.15-2pm | 2- 3.15pm | 3.15 -4.30 pm | 4.30 pm |
|---|---|---|---|---|---|---|---|---|
| Day -1 | | | Interval | | നിസ്കാരം, ഭക്ഷണം | 4pm to 6 pm **ഉൽഘാടനം,രജിസ്ട്രേഷൻ** | | **CLOSING -അസർ നിസ്കാരം** |
| Day -2 | قرآن/ حفظ | EASY ENGLISH | | ഗോൾസെറ്റിംഗ് | | അള്ളാഹുവിനെ സ്നേഹിക്കുക | ആസ്വാദനം | |
| Day -3 | قرآن / تفسير | ലേൺ ടൂലേൺ | | നമ്മുടെ പരിസരം (പ്രകൃതി പഠനം) | | EASY ENGLISH | നമ്മുടെ പ്രവാചകൻ | |
| Day -4 | حديث | ടൈം മാനേജ്മെന്റ് | | നമ്മുടെ ഇന്ത്യ | | കൗതുക കൗമാരം | വിശ്വാസിയുടെ ഒരു ദിനം | |
| Day -5 | **നമ്മുടെ നിസ്കാരം** | നമ്മുടെ ആദർശം | | ഇഫക്റ്റീവ് കമ്മ്യൂണിക്കേഷൻ | | സൈബർവേൾഡ്; ചതിക്കുഴികൾ | EASY ENGLISH | |
| Day -6 | قرآن / تجويد | EASY ENGLISH | | വായന; എന്ത് എങ്ങനെ? | | നമ്മുടെ ആര്യോഗ്യം | ഡിബേറ്റ് : അഡിക്ഷൻ | |
| Day -7 | قرآن/ حفظ | സംഘബോധം | | ഗണിതം മധുരം | | സ്നേഹവും സൗഹൃദവും | തസ്വവ്വു ഫ് | |
| Day -8 | حديث | മീഡിയ ലിറ്ററസി | | EASY ENGLISH | | ഫീൽഡ് ട്രിപ്പ്/ സിയാറത്ത് | | |
| Day -9 | قرآن/ حفظ | ക്രിയേറ്റീവിറ്റി | | ബന്ധങ്ങൾ ശാക്തികരിക്കുക | | EASY ENGLISH | ആസ്വാദനം | |
| Day -10 | قرآن / تفسير | കരിയർ പ്ലാനിംഗ | | EASY ENGLISH | | മെമ്മറി അപ്റ്റിറ്റ്യൂട് ടെസ്റ്റ് | സമസ്ത | |
| Day -11 | قرآن / تجويد | നിങ്ങളെ അറിയുക | | സാമൂഹ്യ സേവനം | | EASY ENGLISH | **ടാലന്റ് ക്ലബ് പ്രഖ്യാപനം, ഫീഡ്ബാക്ക്, സമാപനം** | |

SKSSF TREND